(ബി) ഇത് സംബന്ധമായി എന്തെങ്കിലും പരാതി ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) ശബരിമല വികസനത്തിനായി ദേവസ്വം ബോർഡ് ഇക്കോ സ്മാർട്ടുമായി ചേർന്നുണ്ടാക്കിയ കരാറിനെ സംബന്ധിച്ചും എന്തെങ്കിലും അന്വേഷണം നടക്കുന്നുണ്ടോ ;

(ഇ) ഈ പദ്ധതി സംബന്ധമായി എന്തെങ്കിലും നിർദ്ദേശം മന്ത്രിതലത്തിലോ സർക്കാർ തലത്തിലോ ദേവസ്വം ബോർഡിന് നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(എഫ്) ദേവസ്വം ബോർഡിലെ ക്രമക്കേട് സംബന്ധിച്ച് ലോകായുക്തയോ വിജിലൻസ് ഡിപ്പാർട്ടുമെന്റോ എന്തെങ്കിലും അന്വേഷണം നടത്തുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ–സി) മാദ്ധ്യമങ്ങൾ വഴി വന്ന ചില ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ നിയമനങ്ങൾക്കെതിരെ ചില സംഘടനകളിൽ നിന്നും വ്യക്തികളിൽ നിന്നും പരാതികൾ ലഭിച്ചിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) ശബരിമലയിലെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുവേണ്ടി ആവശ്യമായ വിവരങ്ങൾ നൽകുന്നതിനായി ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അല്ലാതെ ശബരിമല വികസന പദ്ധതി സംബന്ധിച്ച് പ്രത്യേക നിർദ്ദേശങ്ങളൊന്നും നൽകിയിട്ടില്ല. മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ദേവസ്വം ബോർഡുമായി പലവട്ടം ചർച്ച നടത്തിയിട്ടുണ്ട്.

(എഫ്) തിരുവിതാംകൂർ ദേവസ്വം ബോർഡ് നിയമനങ്ങളിലെ ക്രമക്കേട് സംബന്ധിച്ച് സർക്കാർ നിർദ്ദേശപ്രകാരം വിജിലൻസ് അന്വേഷണം നടക്കുന്നുണ്ട്. ബോർഡിലെ ക്രമക്കേടുകൾ സംബന്ധിച്ച് ബഹുമാനപ്പെട്ട ലോകായുക്ത വിജിലൻസ് അന്വേഷണത്തിന് ഉത്തരവായിട്ടുണ്ട്.

മണ്ഡല മകരവിളക്കുകാലത്ത് ചുമടെടുക്കുന്നവരുടെ വേതനം

76 [754] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
,, വി. ഡി. സതീശൻ :
,, സി. പി. മുഹമ്മദ് :
,, എം. എം. ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ഡല മകരവിളക്ക് കാലത്ത് ചുമടെടുക്കുന്ന എത്ര അയ്യപ്പൻമാർ പമ്പയിലും സന്നിധാനത്തിലുമായി ഉണ്ട് ;

(ബി) ഇവരുടെ വേതന വ്യവസ്ഥ എന്താണ് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഡോളി ചുമക്കുന്ന അയ്യപ്പൻമാർക്ക് ഒരു ഭക്തനെ പമ്പയിൽ നിന്ന് സന്നിധാനത്തിൽ കൊണ്ടുപോയി തിരിച്ച് കൊണ്ടുവരുന്നതിന് നിശ്ചയിച്ചിട്ടുള്ള കൂലി എത്രയാണ് ;

(ഡി) എന്ന് മുതൽക്കാണ് ഇത് നിശ്ചയിച്ചിട്ടുള്ളത് ;

(ഇ) ഡോളി ചുമക്കുന്ന അയ്യപ്പൻമാർ എത്ര കിലോമീറ്റർ ആളിനെയും വഹിച്ചു കൊണ്ട് പോകുന്നതിനും വരുന്നതിനുമാണ് ഈ തുക നിശ്ചയിച്ചിട്ടുള്ളത് ;

(എഫ്) അവർക്ക് ന്യായമായ കൂലി ലഭിക്കുന്നതിന് ഏർപ്പാടുണ്ടാക്കുമോ ;

(ജി) ഡോളി ചുമക്കുന്നതും ചുമടെടുക്കുന്നതുമായ അയ്യപ്പൻമാർക്ക് പമ്പയിലും സന്നിധാനത്തും വിശ്രമിക്കുന്നതിന് എന്തെല്ലാം സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ;

(എച്ച്) ഇല്ലെങ്കിൽ അവർക്ക് ഈ സ്ഥലങ്ങളിൽ വിശ്രമം ലഭിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുമോ ?

ഉത്തരം

(എ–എച്ച്) വിവരം ശേഖരിച്ചുവരുന്നു.

ശബരിമല ക്ഷേത്രത്തിന്റെ വരുമാനം

77 [755] ശ്രീ. കെ. കെ. ഷാജു :
,, എ. എൻ. രാജൻബാബു :
,, ഉമേഷ് ചള്ളിയിൽ :
,, ഷിബു ബേബി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ മകരവിളക്കുകാലത്ത് ശബരിമല ക്ഷേത്രത്തിൽ നിന്ന് വിവിധ ഇനങ്ങളിൽ ലഭിച്ച വരുമാനത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) കഴിഞ്ഞ നാല് വർഷങ്ങളിൽ ശബരിമലയിൽ നിന്ന് ലഭിച്ച വരുമാനത്തിന്റെ വിവരങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ & ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്ന് വിവരം ശേഖരിച്ചുവരുന്നു.

ശബരിമല തീർത്ഥാടകർക്കുവേണ്ടിയുള്ള അന്നദാനം

78 [756] ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ഡോ: എം. എ. കുട്ടപ്പൻ :
ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡ് ശബരിമല തീർത്ഥാടകർക്കുവേണ്ടി എന്നു മുതലാണ് അന്നദാനം തുടങ്ങിയത് ; എവിടെയെല്ലാം വച്ചാണ് അന്നദാനം നൽകിയിരുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly